കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറങ്ങളിൽ പെറ്റീഷൻ സമർപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഫീസ്

45 [1177] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, കെ. എ. ചന്ദ്രൻ:

,, എൻ. ശക്തൻ:

,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറങ്ങളിൽ പെറ്റീഷൻ സമർപ്പിക്കുന്നതിനു ഫീസ് നൽകേണ്ട ആവശ്യമുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിരക്ക് എത്ര എന്നറിയിക്കാമോ;

(സി) പരാതി സമർപ്പിക്കുവാൻ ഇപ്പോൾ ഫീസില്ലാത്ത പക്ഷം ഫീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ 5-3-2004-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം കൺസ്യൂമർ ഫോറങ്ങളിൽ പരാതി സമർപ്പിക്കുന്നതിന് താഴെ പറയുന്ന ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്:

	അവകാശപ്പെടുന്ന തുക	*ഫീസ്*
(i)	1 ലക്ഷം രൂപ വരെ	100 രൂപ
(ii)	ഒരു ലക്ഷവും അതിനു മുകളിലും, എന്നാൽ 5 ലക്ഷത്തിനു താഴെ	200 ,,
(iii)	5 ലക്ഷവും അതിനു മുകളിലും, എന്നാൽ 10 ലക്ഷത്തിനു താഴെ	400 ,,
(iv)	10 ലക്ഷവും അതിനു മുകളിലും, എന്നാൽ 20 ലക്ഷത്തിൽ അധികമാവാതെ	500 ,,

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly